# കർമശേഷിയുടെ അഞ്ച് ജീവിത ഘട്ടങ്ങൾ നമ്മോടാവശ്യപ്പെടുന്നത്

عَنْ إبن عَبَّاسٍ رَضِيَ اللَّهُ عَنْهُمَا قَالَ:قَال رَسُولُ الله ﷺ لِرَجُلٍ وَهُوَ يَعِظُهُ: إغْتَنِمْ خَمْسًا قَبْلَ خَمْسٍ ، شَبَابَكَ قَبْلَ هَرَمِكَ وَصِحَّتَكَ قَبْلَ سَقَمِكَ وَغِنَاكَ قَبْلَ فَقْرِكَ وَفَرَاغَكَ قَبْلَ شُغْلِكَ وَحَيَاتَكَ قَبْلَ مَوْتِكَ (حاكِم)

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം: റസൂൽ(സ) ഒരാളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: "അഞ്ചു ഘട്ടങ്ങൾക്ക് മുമ്പുള്ള അഞ്ചു അവസരങ്ങൾ പാഴാക്കാതെ ഉപയോഗപ്പെടുത്തുക. നിങ്ങൾക്ക് വാർധക്യത്തിന്റെ അവശതയെത്തും മുമ്പ് യുവത്വം, രോഗത്തിന് മുമ്പ് ആരോഗ്യം, ദാരിദ്ര്യത്തിന് മുമ്പ് സമ്പന്നത, ജോലിത്തിരക്കിന് മുമ്പ് ഒഴിവുവേള, മരണത്തിന് മുമ്പ് ജീവിതം" (ഹാകിം).

കർമശേഷിയും പ്രവർത്തനോത്സാഹവും ആവോളമുള്ള മനുഷ്യ ജീവിതത്തിലെ അഞ്ച് സുവർണ ഘട്ടങ്ങളെയാണ് ഈ പ്രവാചക വചനം ആദ്യം പരിചയപ്പെടുത്തുന്നത്. യുവത്വം, ആരോഗ്യം, ഐശ്വര്യം, സമയം, ജീവിതം എന്നിവയാണത്. ഈ അഞ്ചു ഘട്ടങ്ങളിലെയും വിലമതിക്കാനാവാത്ത ദൈവികാനുഗ്രഹമായ, മനുഷ്യന്റെ കർമശേഷിയെ തളർത്തിക്കളയുന്ന അഞ്ച് ജീവിതാവസ്ഥകളെയാണ് പിന്നീട് ഹദീസിൽ വിശദീകരിക്കുന്നത്. വാർധക്യം, രോഗം, ദാരിദ്ര്യം, ജോലിത്തിരക്ക്, മരണം എന്നിവയാണവ. മനുഷ്യ കർമശേഷിയെ തളർത്തുകയോ ചുരുക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നുവെന്നതാണ് ഈ അഞ്ചു ഘട്ടങ്ങളുടെയും പൊതു സവിശേഷത.

തന്റെ കർമശേഷിയുടെ പരമാവധി സാധ്യത ഉപയോഗപ്പെടുത്തി ഭൗതിക നേട്ടങ്ങൾ സമാഹരിക്കാൻ ജീവിതത്തിലെ ഓരോ നിമിഷവും ചെലവഴിക്കുന്നവനാണ് മനുഷ്യൻ. ഹദീസ് പരിചയപ്പെടുത്തുന്ന അഞ്ച് അനുഗൃഹീത ഘട്ടങ്ങളും മിക്കവരിൽ നിന്നും ആ ഭൗതികതക്ക് പിറകെയുള്ള നെട്ടോട്ടത്തിനിടയിൽ കൊഴിഞ്ഞുപോകുന്നു. രോഗമോ വാർധക്യമോ ബാധിച്ച് ആശുപത്രി ബെഡിലേക്കോ വീട്ടിലെ ഒരു കട്ടിലിലേക്കോ ജീവിതം ചുരുങ്ങുമ്പോഴാണ് ആരോഗ്യവും, വേണ്ടത്ര സമയവും ഉണ്ടായിരുന്ന കഴിഞ്ഞകാല ജീവിതത്തെ പരലോക വിജയത്തിനായി താനൊട്ടും ഉപയോഗിച്ചില്ലല്ലോ എന്ന് പലരും വിലപിക്കാറ്. മിക്ക മനുഷ്യരും നഷ്ടപ്പെടുത്തുന്ന ഈ രണ്ട് അനുഗ്രഹങ്ങളെക്കുറിച്ച് നബി(സ) പ്രത്യേകം ഉണർത്തിയിട്ടുണ്ട്. ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "മിക്ക ജനങ്ങൾക്കും നഷ്ടമാവുന്ന രണ്ട് ദൈവാനുഗ്രഹങ്ങളാണ് ആരോഗ്യവും ഒഴിവു സമയവും" (ബുഖാരി).

യുവത്വമാണ് മനുഷ്യജീവിതത്തിലെ കർമശേഷിയുടെ ഏറ്റവും ഊർജസ്വലമായ ഘട്ടം. ഭൗതികതയുടെ പ്രലോഭനങ്ങൾ മനുഷ്യന്റെ കർമശേഷിയെ ഏറ്റവുമധികം ചോർത്തിക്കളയുന്ന ഘട്ടവും യുവത്വം തന്നെ. അതുകൊണ്ടാണ് ജീവിതകാലത്തെ മുഴുവൻ വിചാരണ ചെയ്യുന്ന പരലോകത്ത് യൗവനഘട്ടത്തെക്കുറിച്ച് പ്രത്യേകം ചോദ്യമുണ്ടാവുമെന്ന് റസൂൽ(സ) പറഞ്ഞത്. മുആദുബ്നു ജബലി(റ)ൽനിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: "നാലു കാര്യങ്ങളെക്കുറിച്ച് ചോദിക്കപ്പെടാതെ അന്ത്യനാളിൽ ഒരാളുടെയും കാലുകൾ ഒരടി പോലും മുന്നോട്ടു ചലിക്കുകയില്ല. ജീവിത കാലം എങ്ങനെ ചെലവഴിച്ചു, യുവത്വം എപ്രകാരം വിനിയോഗിച്ചു, ധനം എവിടെ നിന്ന് സമ്പാദിച്ചു, എങ്ങനെ ചെലവഴിച്ചു, നേടിയ വിജ്ഞാനം കൊണ്ട് എന്തെല്ലാം ചെയ്തു? ഇവയാണാ ചോദ്യങ്ങൾ" (ബൈഹഖി, തിർമിദി, ത്വബറാനി).

ദുൻയാവിൽ എങ്ങനെയെങ്കിലും ഒരുപാട് കാലം ജീവിക്കുക എന്നതിലല്ല മനുഷ്യ വിജയം. ജീവിതത്തിലെ ഓരോ ഘട്ടത്തിലെയും കർമശേഷി നന്മയുടെ മാർഗത്തിൽ പ്രയോജനപ്പെടുത്തുന്നിടത്താണ് മനുഷ്യന്റെ യഥാർഥ ഇഹപര വിജയമുള്ളത്. നബി(സ) തന്നെ അത് വ്യക്തമാക്കിയിട്ടുണ്ട്. അബൂബക്റി(റ)ൽനിന്ന് നിവേദനം: ഒരാൾ നബി(സ)യോട് ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണ്?" റസൂൽ(സ) പറഞ്ഞു: "ആയുസ്സ് വർധിക്കുകയും കർമങ്ങൾ നന്നാവുകയും ചെയ്തവൻ." അയാൾ വീണ്ടും ചോദിച്ചു: "ജനങ്ങളിൽ നികൃഷ്ടൻ ആരാണ്?" നബി(സ) പറഞ്ഞു: "ആയുസ്സ് അധികരിക്കുകയും കർമങ്ങൾ മോശമാവുകയും ചെയ്തവൻ" (തിർമിദി, ബൈഹഖി, ത്വബറാനി).

ഇഹലോക ജീവിതം നൈമിഷികമാണ്. കണ്ണടച്ച് തുറക്കും മുമ്പാണ് ബാല്യവും കൗമാരവും യൗവനവും പിന്നിട്ട് മനുഷ്യൻ വാർധക്യത്തിലെത്തുന്നത്. കഴിഞ്ഞകാലങ്ങളിലെ നിഷ്ക്രിയത്വത്തെക്കുറിച്ച് ആലോചിച്ച് ദുഃഖിച്ചിട്ട് ഇനി കാര്യമില്ല. ജീവിക്കുന്ന നിമിഷങ്ങളിലെ അനുഗ്രഹങ്ങളെ പരമാവധി ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ ഓരോരുത്തർക്കും സാധിക്കേണ്ടതുണ്ട്. നാളെ നാമിപ്പോൾ അനുഭവിക്കുന്ന അനുഗ്രഹങ്ങളത്രയും നഷ്ടപ്പെട്ടേക്കാം. അടുത്ത നിമിഷം നമ്മുടെ ജീവിതത്തിൽ എന്ത് സംഭവിക്കുമെന്നാർക്കുമറിയില്ല.

ഇബ്നു ഉമർ(റ) പറയാറുണ്ടായിരുന്നു: "വൈകുന്നേരമായാൽ നീ പ്രഭാതത്തെ പ്രതീക്ഷിക്കരുത്. പ്രഭാതമായാൽ വൈകുന്നേരത്തെയും നീ കാത്തിരിക്കരുത്. നിന്റെ ആരോഗ്യാവസ്ഥയിൽ തന്നെ നിന്റെ രോഗാവസ്ഥയിലേക്ക് വേണ്ടത് നീ എടുത്ത് വെക്കുക. നിന്റെ ഈ ജീവിത കാലത്ത് തന്നെ മരണാനന്തരം വേണ്ടതും കരുതിവെക്കുക"(ബുഖാരി). ■